(ഡി) കടം എടുത്തിട്ടില്ല. എന്നാൽ ക്ഷേമനിധി ബോർഡുകൾ ഉൾപ്പെടെയുള്ള പല സ്ഥാപനങ്ങളും ട്രഷറിയിൽ പണം നിക്ഷേപിച്ചിട്ടുണ്ട്.

നിലത്തെഴുത്ത് ആശാൻമാർക്ക് പെൻഷൻ നൽകണമെന്ന ആവശ്യം

18 (406) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ 1500-ഓളം വരുന്ന നിലത്തെഴുത്ത് ആശാന്മാർക്ക് പെൻഷൻ നൽകണമെന്ന് ധനകാര്യ മന്ത്രി മുമ്പാകെ സമർപ്പിച്ചിരുന്ന നിരവധി നിവേദനങ്ങളിൻമേൽ എന്ത് നടപടി ആയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) കായംകുളം എം.എൽ.എ.യും കേരള നിലത്തെഴുത്ത് ആശാൻ സംസ്ഥാന പ്രസിഡന്റുമായ ജി. സുധാകരൻ എം.എൽ.എ. നിയമസഭയിൽ അവതരിപ്പിച്ച സബ്മിഷനുള്ള മറുപടിയിൽ ധനകാര്യ വകുപ്പു മന്ത്രി നൽകിയ ഉറപ്പ് അനുസരിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) 2001-2002-ലെ ബഡ്ജറ്റിൽ നിലത്തെഴുത്ത് ആശാൻമാർക്ക് പെൻഷൻ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) നിലത്തെഴുത്ത് ആശാൻമാർക്ക് പെൻഷൻ നൽകുന്ന കാര്യത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല.

ആളോഹരി വികസന ചെലവും വികസനേതര ചെലവും

19 (407) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ഒജ. മാത്യു :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-92 മുതൽ 1995-96 വർഷം വരെ ഓരോ വർഷവുമുള്ള ആളോഹരി വികസന ചെലവും വികസനേതര ചെലവും എത്ര വീതമായിരുന്നു ;

(ബി) 1996-97 മുതൽ 1999-2000 വരെയുള്ള ആളോഹരി വികസന ചെലവും വികസനേതര ചെലവും എത്ര വീതമായിരുന്നു ;

(സി) 2000-2001 വർഷത്തിൽ പ്രതീക്ഷിക്കുന്ന ആളോഹരി വികസന ചെലവും വികസനേതര ചെലവും എത്ര വീതമാണ് ;

(ഡി) വികസനേതര ചെലവ് കുറയ്ക്കാൻ ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly